©
Government of Kerala
കേരള സർക്കാർ
2009

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്

## EXTRAORDINARY
## അസാധാരണം

PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LIV<br>വാല്യം 54 | Thiruvananthapuram,<br>Monday<br>തിരുവനന്തപുരം,<br>തിങ്കൾ | 26th October 2009<br>2009 ഒക്ടോബർ 26<br>4th Karthika 1931<br>1931 കാർത്തികം 4 | No.<br>നമ്പർ 1976 |

### കേരള സർക്കാർ

തൊഴിലും പുനരധിവാസവും (ആർ) വകുപ്പ്

### വിജ്ഞാപനം

*സ. ഉ. (കൈയെഴുത്ത്) നമ്പർ 147/2009/തൊഴിൽ. തിരുവനന്തപുരം, 2009 ഒക്ടോബർ 26.*

എസ്. ആർ. ഒ. നമ്പർ 884/2009.—2006-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് (2006-ലെ 24-ാം ആക്റ്റ്) 6-ാം വകുപ്പ് പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ, 2007 മാർച്ച് മാസം 24-ാം തീയതിയിലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) 37/2007/തൊഴിൽ എന്ന നമ്പരായി 2007 മാർച്ച് മാസം 24-ാം തീയതിയിലെ 582-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 280/2007 ആയി പ്രസിദ്ധീകരിച്ച വിജ്ഞാപനപ്രകാരം രൂപീകരിച്ച കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2009.

33/3645/2009/DTP.

എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ താഴെ പറയുന്നവരെ യഥാക്രമം തൊഴിലാളികളുടെയും സ്വന്തമായി തൊഴിൽ ചെയ്യുന്നവരുടെയും തൊഴിലുടമാ പ്രതിനിധികളുടെയും പട്ടികയിൽ ഉൾപ്പെടുത്തി മേൽപ്പറഞ്ഞ വിജ്ഞാപനം താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുന്നു, അതായത്:—

ഭേദഗതി

മുകളിൽ പറഞ്ഞ വിജ്ഞാപനത്തിലെ പട്ടികയിൽ,—

(1) "I. തൊഴിലാളികളുടെയും സ്വന്തമായി തൊഴിൽ ചെയ്യുന്നവരുടെയും പ്രതിനിധികൾ" എന്ന ശീർഷകത്തിൻകീഴിൽ, ക്രമനമ്പർ 1-നും അതിന് നേരെയുള്ള ഉള്ളടക്കങ്ങൾക്കുംശേഷം താഴെപ്പറയുന്ന ക്രമനമ്പരുകളും ഉള്ളടക്കങ്ങളും ചേർക്കേണ്ടതാണ്, അതായത്:—

"2. ശ്രീ. എസ്. രാജേന്ദ്രൻ,
പൗർണ്ണമി,
T. C. XI/810 (1), B 12,
കൃഷ്ണനഗർ, ഉള്ളൂർ,
തിരുവനന്തപുരം.

3. ശ്രീ. കുറ്റിയാനിക്കാട് മധു,
എ.ഐ.ടി.യു.സി. ഓഫീസ്,
കോഡർ ലെയിൻ,
തിരുവനന്തപുരം."

(2) "II. തൊഴിലുടമാ പ്രതിനിധികൾ" എന്ന ശീർഷകത്തിൻകീഴിൽ, ക്രമനമ്പർ 1-നും അതിനുനേരെയുള്ള ഉള്ളടക്കങ്ങൾക്കുംശേഷം താഴെപ്പറയുന്ന ക്രമനമ്പരുകളും ഉള്ളടക്കങ്ങളും ചേർക്കേണ്ടതാണ്, അതായത്:—

"2. ശ്രീ. മാരിയിൽ കൃഷ്ണൻ നായർ,
മാസ് പ്ലൈവുഡ്,
തൊടുപുഴ, ഇടുക്കി.

3. ശ്രീ. ഇ. എസ്. ബിജു,
ഇടക്കുളത്തിൽ ഹൗസ്,
കട്ടച്ചിറ (പി.ഒ.),
കോട്ടയം-31."

പ്രസ്തുത ആക്റ്റിലെ 6-ാം വകുപ്പ് (4)-ാം ഉപവകുപ്പുപ്രകാരം, ബോർഡിന്റെ ചെയർമാനായി നിയമിച്ചിരുന്ന തൊഴിലും പുനരധിവാസവും വകുപ്പ് സെക്രട്ടറി ശ്രീ. സി. കെ. വിശ്വനാഥന്നു പകരം തൊഴിലാളികളുടെയും സ്വന്തമായി തൊഴിൽ ചെയ്യുന്നവരുടെയും പ്രതിനിധിയായി നാമനിർദ്ദേശം ചെയ്ത ശ്രീ. എസ്. രാജേന്ദ്രനെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചെയർമാനായി നിയമിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. വിശ്വനാഥൻ,
ഗവൺമെന്റ് സെക്രട്ടറി.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2007 മാർച്ച് 24-ാം തീയതിയിലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) 37/2007/തൊഴിൽ നമ്പരായി 2007 മാർച്ച് 24-ാം തീയതിയിലെ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 280/2007 ആയി പ്രസിദ്ധീകരിച്ച വിജ്ഞാപന പ്രകാരം രൂപീകരിച്ച കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലാളികളുടെയും സ്വന്തമായി തൊഴിൽ ചെയ്യുന്നവരുടെയും പ്രതിനിധികൾ എന്ന ശീർഷകത്തിൻകീഴിൽ ശ്രീ. എസ്. രാജേന്ദ്രനെയും ശ്രീ. കുറ്റിയാനിക്കാട് മധുവിനെയും, തൊഴിലുടമാ പ്രതിനിധികൾ എന്ന ശീർഷകത്തിൻകീഴിൽ ശ്രീ. മാതിയിൽ കൃഷ്ണൻ നായരെയും ശ്രീ. ഇ. എസ്. ബിജുവിനെയും നിയമിക്കുന്നതിനും, ശ്രീ. എസ്. രാജേന്ദ്രനെ ബോർഡിന്റെ ചെയർമാനായി നിയമിക്കുവാനും സർക്കാർ തീരുമാനിച്ചു.

ഈ ഉദ്ദേശ്യം നിറവേറ്റുന്നതിനുവേണ്ടിയുള്ളതാണ് ഈ വിജ്ഞാപനം.